# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
## പോലീസ് സേനയെ കാര്യക്ഷമമാക്കാൻ നടപടികൾ

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *166 1/02/2018-ൽ മറുപടിക്ക്

ചോദ്യം
ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീ.ജെയിംസ് മാത്യു
ശ്രീ. പി. ഉണ്ണി
ശ്രീ. പി.ടി.എ. റഹീം.

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പോലീസ് സേനയെ കാര്യക്ഷമമാക്കി ക്രമസമാധാനനില ഭദ്രമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) & (ബി) | സംസ്ഥാനത്തെ ക്രമസമാധാനനില ഭദ്രമാക്കുന്നതിന് പോലീസ് സംവിധാനത്തെ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അതോടൊപ്പം തന്നെ തെറ്റായ പ്രവണതകൾ പ്രത്യക്ഷപ്പെട്ടപ്പോൾ അവയ്ക്കെതിരായി നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുന്നതിനും ശ്രമിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ പോലീസ് സ്റ്റേഷനിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സർക്കിൾ ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള തീരുമാനം നടപ്പിലാക്കുകയുണ്ടായി. ഇതോടെ ക്രമസമാധാനത്തിനും കേസന്വേഷണത്തിനും പ്രത്യേകം പ്രത്യേകം എസ്.ഐമാരെ ചുമതലപ്പെടുത്തിക്കൊണ്ട് കൂടുതൽ ഫലപ്രദമായി പോലീസ് സംവിധാനത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് കഴിയും. വനിതാ പോലീസിന്റെ സംഖ്യ ഉയർത്തിക്കൊണ്ട് സേനയെ സ്ത്രീ സൗഹാർദ്ദപരമായി മാറ്റുന്നതിനുള്ള ഇടപെടലും സർക്കാർ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. കോസ്റ്റൽ മേഖലയിൽ മത്സ്യതൊഴിലാളികളിൽ നിന്നുതന്നെ 200 പേരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള തീരുമാനവും എടുത്തിട്ടുണ്ട്.<br>റോഡപകടങ്ങൾ കുറയ്ക്കുന്നതിന് പോലീസും മോട്ടോർ വാഹനവകുപ്പും മറ്റ് ഏജൻസികളും ചേർന്ന് പദ്ധതികൾ ആരംഭിച്ചു. സ്കൂൾ കുട്ടികളുടെ സഹായത്തോടെ ബോധവത്കരണം നടത്തുന്നതിനുള്ള ശുഭയാത്രാ പദ്ധതി, അപകടത്തിൽപെടുന്നവർക്ക് വേഗത്തിൽ ചികിത്സ കിട്ടുന്നതിന് സോഫ്റ്റ് പദ്ധതി തുടങ്ങിയവ ഇതിന്റെ ഭാഗമായി ആവിഷ്ക്കരിച്ചു. സോഫ്റ്റ് പദ്ധതിക്ക് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർമാരെ നിയമിച്ചതും ക്രമസമാധാനവും കുറ്റാന്വേഷണവും രണ്ട് വിഭാഗമാക്കിയതും ക്രമസമാധാനപാലനവും കേസ് അന്വേഷണവും കൂടുതൽ കാര്യക്ഷമമാക്കാൻ എത്രമാത്രം പ്രയോജനപ്രദമാകുമെന്നാണ് വിലയിരുത്തുന്നതെന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ജനമൈത്രി പദ്ധതി എല്ലാ സ്റ്റേഷനുകളിലും വ്യാപിപ്പിച്ചു. രാജ്യത്തിന് മാതൃകയായി കേരളത്തിലെ ആറ് പോലീസ് സ്റ്റേഷനുകൾ ശിശുസൗഹാർദ്ദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റി. ആന്റി ടെററിസ്റ്റ് ഫോഴ്സിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തൃപ്പൂണിത്തുറ ആസ്ഥാനമായി പ്രവർത്തനമാരംഭിച്ചു.<br>സൈബർ പോലീസ് ഡിവിഷൻ രൂപീകരിച്ചുകൊണ്ട് വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ പരിഹരിക്കുന്നതിനുള്ള ഇടപെടലും നടത്തിയിട്ടുണ്ട്. സൈബർ ഫോറൻസിക്കിൽ വിദഗ്ധ പരിശീലനം 100 പേർക്ക് നൽകി. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കണ്ടെത്തുന്നതിനും `ഖാക്കി ഹാറ്റ്സ്' പോലുള്ള പുതിയ സംവിധാനങ്ങൾക്ക് രൂപം നൽകി. സൈബർ സുരക്ഷയ്ക്കായി കുട്ടികൾക്കായുള്ള `കിഡ്സ് ഗ്ലോവ്' പദ്ധതി ആരംഭിച്ചു. പുതിയ പോലീസ് കൺട്രോൾ റൂമുകൾ ആവശ്യമായ ഇടങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br>ക്രമസമാധാനപരിപാലനത്തിന്റെ മികവ് കണക്കിലെടുത്തുകൊണ്ട് മികച്ച പബ്ലിക് അഫേർസ് ഇൻഡക്സ് കേരളത്തെ തിരഞ്ഞെടുത്തു. സ്ത്രീ സുരക്ഷയിൽ ഗോവയ്ക്ക് പിന്നിൽ ഇന്ത്യയിൽ രണ്ടാം സ്ഥാനത്താണ് കേരളം. കോപ്പ്സ് ടുഡേ ഇന്റർനാഷണലിന്റെ അവാർഡ് ലഭിക്കുകയുണ്ടായി. സൈബർ ഡോമിന് മികവുറ്റ ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിനുള്ള അവാർഡ് ലഭിച്ചു. രാജ്യത്തെ മികച്ച 10 പോലീസ് സ്റ്റേഷനുകളിലൊന്നായി കണ്ണൂരിലെ വളപട്ടണം സ്റ്റേഷൻ തിരഞ്ഞെടുത്തു. ബ്ലൂവെയിമിന്റെ പശ്ചാത്തലത്തിൽ സൈബർ സുരക്ഷയ്ക്കായി കേരള പോലീസ് സ്വീകരിച്ച നടപടിക്ക് കേന്ദ്ര സർക്കാരിന്റെ പ്രത്യേക അഭിനന്ദനവും ലഭിക്കുകയുണ്ടായി. |
| (സി) | സേനയുടെ ആധുനികവൽക്കരണത്തിനും കാര്യക്ഷമതാ വർദ്ധനവിനും നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; | (സി) | പോലീസ് സേനയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി പുതിയ പദ്ധതികൾ കേരള പോലീസ്, കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.<br>ശരീരത്തിൽ ധരിക്കാവുന്ന തരത്തിലുള്ള ക്യാമറകൾ, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറകൾ (CCTV), സ്പീഡ് റഡാർ (Speed Radar), വേഗത നിർണ്ണയ ക്യാമറകൾ (Speed Detection Cameras) , വെഹിക്കിൾ മൗണ്ട്ഡ് ഗ്ളോബൽ പൊസിഷനിംഗ് സിസ്റ്റം (Vehicle Mounted GPS Systems), ട്രാഫിക് സിഗ്നൽ സിസ്റ്റംസ് (Traffic Signal Systems), ട്രാഫിക് |

| | | | |
|---|---|---|---|
| | | | എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ, ട്രാഫിക് ഗെയിമിംഗ് ആപ്ലിക്കേഷനുകൾ , ബ്രൂസ് ബസ്സ് (ആൾക്കഹോൾ/ഡ്രഗ്ഗ് ഡിറ്റക്ഷനുവേണ്ടി) തുടങ്ങിയ അനേകം ഉപകരണങ്ങൾ പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ലഭ്യമാക്കിയിട്ടുണ്ട്.<br>പോലീസ് സേനയുടെ ശാക്തീകരണവും ആധുനികവത്കരണവുമായി ബന്ധപ്പെട്ട 4700 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്നു. നിലവിലുള്ള പദ്ധതികൾ കൂടാതെ താഴെ പറയുന്ന പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1) 13 ജില്ലകളിൽ പിങ്ക് കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിന് 65 ലക്ഷം രൂപ.<br>2) ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം വികസിപ്പിക്കൽ 450 ലക്ഷം രൂപ<br>3)ടെലികമ്മ്യൂണിക്കേഷൻ ശൃംഖലയുടെ വികസിപ്പിക്കൽ-600 ലക്ഷം രൂപ<br>4) സൈബർ കുറ്റാന്വേഷണത്തിന്റെ സാങ്കേതികത്വം വികസിപ്പിക്കൽ 100 ലക്ഷം രൂപ<br>5) 3 ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ നിർമ്മിക്കൽ വികസിപ്പിക്കൽ 450 ലക്ഷം രൂപ<br>6) പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ സോഫ്റ്റ് വെയറും ഫർണിച്ചറും വാങ്ങുന്നതിന് 290 ലക്ഷം രൂപ<br>7) 100 പോലീസ് സ്റ്റേഷനുകളിൽ സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിന് 500 ലക്ഷം രൂപ<br>8) 4 ജില്ലകളിൽ ഡിസ്ട്രിക്റ്റ് കൺട്രോൾ റൂം നിർമ്മിക്കുന്നതിന് 80 ലക്ഷം രൂപ<br>9) ഇന്റലിജൻസ് സംവിധാനത്തിന്റെ ശാക്തീകരണം 150 ലക്ഷം രൂപ<br>10) കേന്ദ്രസഹായത്തോടുകൂടി സൈബർ ഇൻവെസ്റ്റിഗേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള രൂപരേഖ (469.39 ലക്ഷം രൂപ) സർക്കാരിന്റെ പരിഗണനയിലാണ്.<br>11) ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാതകളിലും ദേശീയപാതകളിലുമായി 350 ഇടങ്ങളിൽകൂടി ക്യാമറകൾ സ്ഥാപിക്കുന്നതിന് 153 കോടി രൂപയുടെ പദ്ധതി പരിഗണനയിലാണ്.<br>12) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടുകൂടി നേഷൻവൈഡ് എമർജൻസി റെസ്പോൺസ് സിസ്റ്റം എന്ന പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. ഈ പദ്ധതി ഡയൽ 112 എന്നറിയപ്പെടുന്നു.<br>13) എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ പോലീസ് |

| | | | |
|---|---|---|---|
| | | | സ്റ്റേഷൻ എന്നിവ സംയോജിപ്പിച്ച് ഒരു സൈബർ ഡോം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ ആരംഭിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | സ്ത്രീസുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകളുടെ സുരക്ഷയ്ക്കായി കേരള പോലീസ് പിങ്ക് പട്രോൾ, പിങ്ക് ബീറ്റ്, വനിതാ സ്വയം പരിശീലന പരിപാടി, പഞ്ചായത്ത് ബീറ്റ്, സ്ത്രീ സൗഹൃദ ഓട്ടോ (പിങ്ക് ഓട്ടോ, ഷീ ഓട്ടോ), പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ് ഡെസ്ക്, വനിതാ ഹെൽപ്പ് ലൈൻ (1091), സ്ത്രീകളുടെ പരാതികൾ പരിഹരിക്കുന്നതിന് പഞ്ചായത്തുതല അദാലത്തുകൾ, വനിതാ ബറ്റാലിയനിൽ വനിതാ വോളണ്ടിയർമാരെ ഉൾപ്പെടുത്തി രൂപീകരിച്ച നിർഭയ പദ്ധതി എന്നിവ ഇപ്പോൾ നടപ്പാക്കി വരുന്നു. ഇതിനു പുറമേ ജനമൈത്രി, സ്റ്റുഡൻസ് പോലീസ് കേഡറ്റ് എന്നിവയുടെ പ്രവർത്തനഭാഗമായും സ്ത്രീ സുരക്ഷാ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. കൂടാതെ പരാതി പരിഹാരത്തിനായി സംസ്ഥാന, ജില്ലാ വനിതാ സെല്ലുകളും പ്രവർത്തിക്കുന്നുണ്ട്. ഇതോടൊപ്പം സാമൂഹ്യനീതി വകുപ്പ് പോലീസിന്റെ ഉൾപ്പെടെ സഹകരണത്തോടെ മിത്ര 181 എന്ന ഹെൽപ്പ് ലൈൻ നമ്പറും പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ